റുണ്ട്. വാഹനഗതാഗതം ചിലപ്പോൾ മണിക്കൂറുകളോളം സ്തംഭിക്കും. തന്നിമിത്തം പൊതുജനങ്ങൾക്ക് അസൗകര്യങ്ങൾ ഉണ്ടാകുന്നതായ് ബോദ്ധ്യപ്പെട്ടതിനാൽ അത് തൽക്കാലത്തേക്ക് സെൻട്രൽ റേഞ്ച് ഡി.ഐ.ജി. തടഞ്ഞത് ശരിയാണ്. അതു ഇപ്പോൾ പിൻവലിച്ചിട്ടുണ്ട്. അതിനെക്കുറിച്ച് യാതൊരു പ്രയാസവുമുണ്ടാകുകയില്ല.

29. മാവേലിക്കര ട്രാൻസ്പോർട്ട് ബസ് സ്റ്റേഷന്റെ കെട്ടിടനിർമ്മാണം

ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ്: സർ, എന്റെ നിയോജകമണ്ഡലമായ മാവേലിക്കര ടൗണിൽ ട്രാൻസ്പോർട്ട് ബസ് സ്റ്റേഷനുവേണ്ടി ഒരു കെട്ടിടത്തിന്റെ പണി ആരംഭിച്ചിട്ട് കുറച്ചധികകാലമായി. അതു പണിഞ്ഞുകൊണ്ടിരുന്ന കോൺട്രാക്ടർക്ക് കാശു കൊടുക്കാത്തതിന്റെ ഫലമായിട്ടോ എന്തു കാരണംകൊണ്ടോ പണി സ്തംഭിച്ചിരിക്കുകയാണ്. ഇപ്പോൾ രണ്ടു ലക്ഷംകൂടി മുടക്കിയാൽ കെട്ടിടത്തിന്റെ പണി പൂർത്തിയാക്കാനും ഉപയോഗപ്രദമാക്കാനും കഴിയും. ഈ രണ്ടു ലക്ഷം രൂപകൂടി മുടക്കുകയും നേരത്തെയുള്ള ബില്ല് കൊടുക്കുകയും ചെയ്താൽ എന്ത് ബദ്ധപ്പെട്ടാണെങ്കിലും ആ പണി പൂർത്തിയാക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ആ പണി ഏറ്റെടുത്തതിന്റെപേരിൽ ഒരു ചരിത്രമുണ്ട്. അതു ബഹുമാനപ്പെട്ട മന്ത്രിക്കറിയാമെന്ന് ഞാൻ വിശ്വസിക്കുന്നു. അതുകൊണ്ട് ഇത് ഉപയോഗപ്രദമാക്കണമെന്ന് അപേക്ഷിക്കുകയാണ്.

ഗതാഗതവകുപ്പു മന്ത്രി (ശ്രീ. പി. കെ. വേലായുധൻ): സർ, മാവേലിക്കര സബ് ഡിപ്പോയുടെ പണി തുടങ്ങിയത് 17–10–1984ലാണ്. ബഹുമാനപ്പെട്ട ശ്രീ. ഗോവിന്ദക്കുറുപ്പ് സൂചിപ്പിച്ചതുപോലെ പണി ഇപ്പോൾ ഏതാണ്ട് ഉപേക്ഷിച്ച മട്ടിലാണ് നിൽക്കുന്നത്. അതുകൊണ്ട് പണിക്ക് സ്തംഭനമുണ്ടായിട്ടുണ്ട്. എന്നാൽ പണി നിറുത്തിവയ്ക്കണമെന്ന് കെ.എസ്.ആർ.ടി.സി. യിൽനിന്നും നിർദ്ദേശം കൊടുത്തിട്ടില്ല. അതുപോലെതന്നെ കോൺട്രാക്ടർക്ക് ബില്ല് ഡ്യൂസുണ്ട്. കെ.എസ്.ആർ.ടി.സി. യുടെ സാമ്പത്തികപരിമിതി മൂലം മാവേലിക്കരയിലും പണി നടന്നുകൊണ്ടിരുന്ന പല സ്ഥലങ്ങളിലും ഡ്യൂസുണ്ടായിട്ടുണ്ട്. ഏതായിരുന്നാലും ഇക്കാര്യം സജീവമായി പരിഗണിക്കുന്നതാണ്.

30. വടക്കാഞ്ചേരി റെയിൽവേ ഓവർ ബ്രിഡ്ജിന്റെ പണി

ശ്രീ. കെ.എസ്. നാരായണൻ നമ്പൂതിരി: സർ, തൃശ്ശൂർ–ഷൊർണ്ണൂർ റോഡ് പാലക്കാട്, കോഴിക്കോട് പ്രദേശത്തേക്ക് പോകേണ്ട ഒരു പ്രധാനപ്പെട്ട റോഡാണ്. അതിൽ വടക്കാഞ്ചേരി ടൗണിന്റെ മദ്ധ്യത്തിൽ ഒരു റെയിൽവേ ഓവർബ്രിഡ്ജിന്റെ പണിക്ക് ബഡ്ജറ്റിൽ തുക കൊള്ളിച്ചിട്ട് കാലങ്ങൾ കുറെയായി. ഇതുവരെ അതു നടപ്പിൽ വന്നിട്ടില്ല. ഡബിൾ ലൈൻ വന്നതോടുകൂടി വണ്ടികൾ ഒന്നു പോയാലും അടുത്തവണ്ടി വരുന്നതുവരെ ലെവൽക്രോസ് അടച്ചിടുകയാണ്. അതുകൊണ്ട് അവിടത്തെ ഏറ്റവും വിഷമകരമായ സ്ഥിതി പരിഗണിച്ച് മുൻകാലങ്ങളിൽ കൊള്ളിച്ച പണി ഉടൻ ഏറ്റെടുത്ത് അവിടെ ഒരു ഓവർ ബ്രിഡ്ജ് ഉടനടി പണിയണമെന്ന് അഭ്യർത്ഥിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

വിദ്യുച്ഛക്തി വകുപ്പു മന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള): സർ, 1970–71ലാണ് ഈ പാലം പണി ആരംഭിക്കണമെന്ന് തീരുമാനിച്ചത്. തൃശ്ശൂർ ജില്ലാകളക്ടർ ഇതിനുവേണ്ടി അക്വിസിഷൻ നടപടികളാരംഭിച്ചു. അതിനുള്ള സ്ഥലം അക്വയർ ചെയ്തു. കല്ലുകളും സ്ഥാപിച്ചതാണ്. അപ്പോഴാണ് ഫ്ലൈൻ ഇരട്ടിപ്പിക്കൽ തുടങ്ങിയത്. അപ്പോൾ സ്വാഭാവികമായും പാലത്തിന്റെ പണിയുടെ ചെലവ് വർദ്ധിക്കുമെന്നുള്ളതുകൊണ്ടും പ്ലാനും എസ്റ്റിമേറ്റും മാറേണ്ടിവന്നതുകൊണ്ടും, 1984-ഓടുകൂടി ഇരട്ടിപ്പിക്കൽ നടപടികളും ആരംഭിച്ചപ്പോൾ പണിയെല്ലാം നിറുത്തിവച്ചു. ഇപ്പോൾ വീണ്ടും 1984–ൽ 61 ലക്ഷത്തോളം രൂപ ചെലവു വരുന്ന ആ പാലത്തിന്റെ എസ്റ്റിമേറ്റും പ്ലാനും പൊതുമരാമത്തു വകുപ്പിന്റെ പരിഗണനയിൽ ഇരിക്കുകയാണ്. റെയിൽവേ ബോർഡിന് പണം അടയ്ക്കാൻ കഴിഞ്ഞിട്ടില്ല. ഇക്കൊല്ലത്തെ ബഡ്ജറ്റിൽ ഇതിനുവേണ്ടി നൂറു രൂപയെ നീക്കിവച്ചിട്ടുള്ളു. 1984–ൽ ആരംഭിക്കണമെന്നു റെയിൽവേ ബോർഡ് ആവശ്യപ്പെട്ട 7 പാലങ്ങളിൽ മൂന്നാമത്തെ പ്രാധാന്യം ഈ പാലത്തിനുണ്ട്. അക്കാര്യം ഗവൺമെന്റിനറിയാം. ഏതായാലും ഇതിന്റെ പ്ലാനും എസ്റ്റിമേറ്റുംകൂടി കിട്ടിക്കഴിഞ്ഞാൽ തീർച്ചയായും ഇതിനു മൂന്നാമത് മുൻഗണന എന്നുള്ള നിലയിൽ പാലത്തിന്റെ പണി പൂർത്തിയാക്കുന്നതിന് ഗവൺമെന്റ് ശ്രമിക്കുന്നതാണ്.

31. തൃശ്ശൂർ കോൾ നിലങ്ങളിലെ സ്ഥിരം ബണ്ടിന്റെ പണി പൂർത്തിയാക്കൽ

ശ്രീ. കെ.കെ. ബാലകൃഷ്ണൻ: സർ, തൃശ്ശൂർ ജില്ലയിൽ കോൾ നിലങ്ങളിൽ 30,000 ഏക്കർ സ്ഥലത്ത് ഇരിപ്പു കൃഷിയിറക്കി ഭക്ഷ്യോൽപാദനം വർദ്ധിപ്പിക്കുന്നതിന് കൃഷിക്കാരെ സഹായിക്കുന്നതിന് 1978–ൽ ആരംഭിച്ച സ്ഥിരം ബണ്ടിന്റെ നിർമ്മാണം കഴിഞ്ഞ ഒരു വർഷമായി ഒന്നും നടക്കുന്നില്ല. സർ, 1978–ൽ 9 കോടി രൂപയായിരുന്നു എസ്റ്റിമേറ്റ്. ആ എസ്റ്റിമേറ്റിൽ 3 കോടി രൂപ ഗവൺമെന്റും 6 കോടി രൂപ ഇൻസ്റ്റിറ്റ്യൂഷണൽ ഫിനാൻസുമാണ് നൽകുന്നത്. അതിന്റെ എസ്റ്റിമേറ്റ് റേറ്റ് 1982–ൽ 21 കോടി രൂപയാക്കി. അങ്ങനെ റിവൈസ് ചെയ്ത എസ്റ്റിമേറ്റ് നബാർഡ് അംഗീകരിക്കാത്തതുകൊണ്ട് കെ. എൽ. ഡി. സിക്ക് പണി നടത്താൻ കഴിയാതെ വന്നു. സ്റ്റേറ്റു ബാങ്ക് ഓഫ് ഇൻഡ്യയാണ് പണം നൽകുന്നത്. എന്നാൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ പണം നൽകാതിരുന്നത് നബാർഡ് റിവൈസ്ഡ് എസ്റ്റിമേറ്റ് സാങ്ഷൻ ചെയ്യാത്തതുകൊണ്ടാണ്. അതു മാത്രമല്ല പണം നൽകാതിരുന്നതിന് ഒരു കാരണം, കുട്ടനാട് കൃഷിക്കാർ എടുത്ത ലോൺ തക്കസമയത്ത് തിരിച്ചടച്ചില്ലെന്നുള്ളതാണ് പണി ആരംഭിക്കാൻ അംഗീകാരം നൽകാതിരുന്നതിനുള്ള ഒരു കാരണം. കുട്ടനാട്ടുകാർ ചെയ്ത തെറ്റിന് തൃശ്ശൂർ ജില്ലക്കാരാണ് കഷ്ടപ്പെടുന്നത്. അതുകൊണ്ട് ഇതിന്റെ പണി ഉടനടി ആരംഭിക്കാനുള്ള നടപടികളാരംഭിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ഡിസംബറിൽ ഈ പണി തുടങ്ങിയാൽ മാത്രമേ 1989–ൽ സ്ഥിരം ബണ്ടിന്റെ പണി പൂർത്തിയാക്കാൻ കഴിയൂ. അതുകൊണ്ട് സ്ഥിരം ബണ്ടിന്റെ പണി ഉടനടി ആരംഭിക്കാനുള്ള നടപടികളും സ്വീകരിക്കണം.

LIBRARY ARCHIVES Kerala Legislative Assembly